150 YEARS OF CELEBRATING THE MAHATMA

General/2020/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തീയതി : 02.06.2020

# പരിപത്രം

01.06.2020 മുതൽ കേരളത്തിലെ വീവധ കോളേജുകളിലും പുതിയ അധ്യയന വർഷ ക്ലാസുകൾ ഓൺലൈനായി നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസം സാർവത്രികമായി എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന്, അവർക്ക് ആവശ്യമായ ഐ ടി ഉപകരണങ്ങൾ ഉണ്ട് എന്ന് ഉറപ്പാകേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭ്യമായ ഐ.ടി ഇൻഫ്രാസ്ട്രക്ചർ ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് , ടി പഠന സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാർഥികൾക്ക് ആയത് ലഭ്യമാക്കി ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യസം എല്ലാ വിദ്യാർഥികൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനായി താഴേ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1) എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൽമാരും ഓരോ സെമസ്റ്റർ അനുസരിച്ച് കോളേജുകളിൽ നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ (ഓരോ സെമസ്റ്റർ & ബ്രാഞ്ച്) അനുസരിച്ച് ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന പ്രൊഫോർമയിൽ തയ്യാറാക്കി (exel format) ക്രോഡീകരിച്ച് 05.06.2020 വൈകുനേരം 3PM ന് മുൻപ്, planningdce@gmail.com എന്ന email അഡ്രസ്സിൽ ലഭ്യമാകേണ്ടതാണ്.
2) അതാത് ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലുള്ള എല്ലാ എയ്ഡഡ്/അൺ-എയ്ഡഡ് കോളേജുകളെ ഈ വിവരം അറിയിക്കേണ്ടതും , നിർദിഷ്ട സമയപരിധിക്കുള്ളിൽ ഈ വിവരങ്ങൾ ലഭ്യമാകേണ്ടതുമാണ്
3) എല്ലാ എയ്ഡഡ് അൺ-എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ ഓരോ സെമസ്റ്റർ അനുസരിച്ച് കോളേജുകളിൽ നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ (ഓരോ സെമസ്റ്റർ & ബ്രാഞ്ച്) അനുസരിച്ച് ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന പ്രൊഫോർമയിൽ തയ്യാറാക്കി (exel format) ക്രോഡീകരിച്ച് വിവരങ്ങൾ അതാത് ഡെപ്യൂട്ടി ഡയറക്ടറേറ്റിന് സമർപ്പിക്കേണ്ടതും, അതാത് ഡെപ്യൂട്ടി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ കോളേജുകളുൾ നിന്ന് ശേഖരിച്ച വിവരങ്ങൾ 05.06.2020 വൈകുനേരം 3PM ന് മുൻപ്, planningdce@gmail.com എന്ന email അഡ്രസ്സിൽ അയച്ചുതരേണ്ടതാണ്
.

വിഗ്നേശ്വരി വി ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ